"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. ബിനു ജോൺ (PEN: 581806), ജോയിന്റ് ഡയറക്ടർ-ടെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.875/2025/LSGD തീയതി,തിരുവനന്തപുരം, 31-03-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 82/2023/തസ്വഭവ തിയതി 11.01.2023
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/01/2025 ലെ LSGD/PD/18032/2024-DEH2 നം കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ ജോയിന്റ് ഡയറക്ടർ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീ. ബിനു ജോൺ-ന്റെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനായുള്ള പ്രൊപ്പോസൽ, പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. 11.01.2023-ന് അപരാഹ്നത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ബിനു ജോൺ (PEN: 581806) പ്രൊബേഷൻ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന തരത്തിൽ മുൻ-പിൻ രണ്ട് അവധി ദിനങ്ങൾ ഉൾപ്പെടെ 32 ദിവസത്തെ പരിവർത്തിതാവധിയിൽ പ്രവേശിച്ചിരുന്നതിനാൽ ടിയാന്റെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ 12.08.2023 ന് പൂർത്തിയാവുന്നതാണെന്നും 13.08.2023 തീയതി പ്രാബല്യത്തിൽ പൂർത്തിയായതായി പ്രഖ്യാപിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച്, 11.01.2023-ന് അപരാഹ്നത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ബിനു ജോൺ (PEN: 581806)-ന്റെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ കെ എസ് & എസ് എസ് ആർ, ഭാഗം 2, ചട്ടം 20(b) വ്യവസ്ഥകൾക്ക് വിധേയമായി 13/08/2023 തിയതി പ്രാബല്യത്തിൽ, തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ ബിനു ജോൺ, ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോട്ടയം
*(പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേന)*
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം /തൃശ്ശൂർ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/49/2025-തസ്വഭവ നം ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 01-04-2025 09:53:21

സെക്ഷൻ ഓഫീസർ